REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിയമസഭാതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഒരാഴ്ച മാത്രം ശേഷിക്കെ മുന്നണികളും സ്ഥാനാർത്ഥികളും വോട്ടുറപ്പിക്കാൻ നാടും നഗരവുമിളക്കി രംഗത്ത്.**
- **NDA പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം നാലിന് തിരുവനന്തപുരത്തെത്തും.**
- **സെൻസസ് 2027 ന്റെ ആദ്യഘട്ടം ഇന്ന് ആരംഭിക്കും. കേരളത്തിൽ ജൂൺ 16-നേ സെൻസസ് നടപടികൾ ആരംഭിക്കൂ.**
- **വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ 2026 ലോക്സഭ ഇന്ന് ചർച്ച ചെയ്യും.**
- **ശബരിമലയിലെ പൈങ്കുനി ഉത്രം ഉത്സവം ഇന്ന് സമാപിക്കും. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പള്ളിവേട്ട ഇന്ന്.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ഗുജറാത്ത് ടൈറ്റൻസിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഒരാഴ്ച മാത്രം ശേഷിക്കെ സംസ്ഥാനത്ത് മുന്നണികളും സ്ഥാനാർത്ഥികളും വോട്ടുറപ്പിക്കാൻ നാടും നഗരവുമിളക്കി രംഗത്തെത്തി. താരപ്രചാരകരായ ദേശീയ സംസ്ഥാന നേതാക്കളെ പങ്കെടുപ്പിച്ചാണ് മൂന്നു മുന്നണികളും വോട്ടർമാരുടെ മനസ്സ് കീഴടക്കാൻ മത്സരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്..

....(വോയ്സ്)....

NDA യ്ക്കായി BJP ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഇന്നലെ തിരുവനന്തപുരത്ത് NDA യുടെ വികസിതകേരളം മാർഗരേഖ പ്രകാശനം ചെയ്തു. സംസ്ഥാനത്ത് എയിംസ് യാഥാർത്ഥ്യമാക്കുമെന്നും കോഴിക്കോട്ട് മെട്രോ റെയിൽപദ്ധതി പദ്ധതി നടപ്പാക്കുമെന്നും തിരുവനന്തപുരം-കണ്ണൂർ അതിവേഗ പാത കൊണ്ടുവരുമെന്നതുമടക്കം വാഗ്ദാനങ്ങൾ മാർഗ രേഖയിൽ ഉണ്ട്. നിതിൻ നബിൻ ആറ്റിങ്ങലിലെ NDA സ്ഥാനാർത്ഥിയുടെ പ്രചാരണ പരിപാടിയും ഉദ്ഘാടനം ചെയ്തു.

UDFന് വേണ്ടി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ കണ്ണൂരിലും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലും കല്ലാച്ചിയിലും പ്രചാരണത്തിനെത്തി. കേരളത്തിന്റെ എല്ലാ മേഖലയും എൽ ഡി എഫ് ഭരണത്തിൽ പിന്നാക്കം പോയതായി രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. UDF പ്രഖ്യാപിച്ച അഞ്ചു ഗ്യാരണ്ടികൾ കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞതായി AICC ജനറൽ സെക്രട്ടറി സച്ചിൻ പൈലറ്റ് ആലപ്പുഴയിൽ പറഞ്ഞു.

കഴിഞ്ഞ പത്തു വർഷത്തെ കേരളത്തിന്റെ മാറ്റം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടതായി CPIM പൊളിറ്റ് ബ്യൂറോ അംഗം മറിയം ധാവളെ പറഞ്ഞു. കൊയിലാണ്ടിയിൽ LDF സ്ഥാനാർത്ഥിയുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച മഹിളാ റാലി ഉദ്ഘടാനം ചെയ്യുകയായിരുന്നു മറിയം ധാവളെ.

നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രചരണാർത്ഥം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ആലപ്പുഴ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ കായം കുളത്തും ഉച്ച കഴിഞ്ഞു അമ്പലപ്പുഴയിലും വൈകിട്ട് നെടുമുടിയിലും അരൂരിലും മുഖ്യമന്ത്രി പ്രസംഗിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി NDA പ്രചാരണത്തിന് ഈ മാസം നാലിന് തിരുവനന്തപുരത്തെത്തും. കിള്ളിപ്പാലം മുതൽ കരമന വരെ ഒന്നര കിലോമീറ്റർ ദൂരം അദ്ദേഹം റോഡ് ഷോയിൽ പങ്കെടുക്കും. തിരുവനന്തപുരം സെൻട്രൽ, നേമം മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡ് ഷോയിൽ തിരുവനന്തപുരം ജില്ലയിലെ പ്രവർത്തകർ അണിനിരക്കും.

തിരുവല്ലയിലെ പൊതുപരിപാടിയിലും പ്രധാനമന്ത്രി സംബന്ധിക്കും. തിരുവല്ല, ആറന്മുള, ചെങ്ങന്നൂർ അടക്കം പത്ത് നിയമസഭാ മണ്ഡലങ്ങളിലെ പ്രവർത്തകർ പൊതുപരിപാടിയിൽ പങ്കെടുക്കുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി അറിയിച്ചു.

ഒരാഴ്ചയ്ക്കിടെ രണ്ടാം തവണയാണ് പ്രധാനമന്ത്രി കേരളത്തിൽ പ്രചാരണത്തിനെത്തുന്നത്.

✪✪✪

ദേശീയ നേതാക്കൾ അടക്കം പ്രചാരണത്തിന് എത്തിയതോടെ കണ്ണൂരിൽ തെരഞ്ഞെടുപ്പുരംഗത്തിന് ചൂടേറി. 11 മണ്ഡലങ്ങളിലും പ്രചാരണം സജീവമാണ്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ

.....( വോയ്സ്)....

ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് കണ്ണൂരിൽ എത്തും. രാവിലെ 11.00 ന് മട്ടന്നൂരിൽ റോഡ്ഷോയിൽ അദ്ദേഹം പങ്കെടുക്കും.

ഉച്ചയ്ക്ക് ശേഷം പാനൂരിൽ നടക്കുന്ന റോഡ് ഷോ യിലും അദ്ദേഹം പങ്കെടുക്കും. എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ ഇന്ന് വൈകിട്ട് ഇരിക്കൂറിലും പയ്യന്നൂരിലും തിരഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ പങ്കെടുക്കും. മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി ഇന്ന് വൈകിട്ട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ പങ്കെടുക്കും.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ കണ്ണൂർ പോലീസ് മൈതാനിയിലെ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ പങ്കെടുത്തു.

മുഖ്യമന്ത്രി പിണറായി വിജയൻ വെള്ളിയാഴ്ച ചാവശ്ശേരി, മുണ്ടയാട്, വളപട്ടണം, തളിപ്പ റമ്പ, പയ്യ ന്നൂർ എന്നിവിടങ്ങളിൽ സംസാരിക്കും

ആർ.ജെ. ഡി. ദേശീയ വർക്കിങ് പ്ര സിഡന്റും തേജസ്വി യാദവ് ഇന്ന് വൈകുന്നേരം പാനൂരിൽ എൽ.ഡി.എഫ്. തിരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ സംസാരിക്കും. കനത്ത ചൂടിനെ വകവയ്ക്കാതെയാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും തെരഞ്ഞെടുപ്പ് രംഗത്ത് ജില്ലയിൽ അങ്ങോളമിങ്ങോളം സജീവമായിട്ടുള്ളത്

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടർ ബോധവത്കരണം ശക്തിപ്പെടുത്താൻ തൃശൂരിൽ സ്വീപ്പിന്റെ നേതൃത്വത്തിൽ ഇന്ന് ഫോട്ടോ പ്രദർശനം ഒരുക്കും. ജവഹർ ബാലഭവനിൽ രാവിലെ 10 മുതൽ വൈകിട്ട് 7 വരെയാണ് പ്രദർശനം.

ഫോട്ടോകൾക്ക് പുറമെ ബോർഡ് ഗെയിമുകൾ, വെർച്വൽ റിയാലിറ്റി അനുഭവങ്ങൾ, നിശ്ചല ദൃശ്യങ്ങൾ എന്നിവയടക്കം പരിപാടികളും ഉണ്ടായിരിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ നിയമസഭ തിരഞ്ഞെടുപ്പിന്റെ ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെയും, VVപാറ്റിന്റെയും രണ്ടാംഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഒന്നാംഘട്ട റാൻഡമൈസേഷൻ മാർച്ച് 19ന് നടത്തിയിരുന്നു.

✪✪✪

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ ബൂത്ത് നമ്പർ 40 ഭിന്നശേഷി ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്ന ബൂത്താക്കി ജില്ലാ കലക്ടർ ഉത്തരവിട്ടു. ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർദ്ദേശിച്ച ഭിന്നശേഷി ഉദ്യോഗസ്ഥരെ അവരുടെ സമ്മതത്തോടെ ബൂത്തിൽ തിരഞ്ഞെടുപ്പ് ചുമതലകളിൽ നിയമിച്ചതായും കളക്ടർ അറിയിച്ചു.

✪✪✪

സെൻസസ് 2027 ന്റെ ആദ്യഘട്ടം ഇന്ന് ആരംഭിക്കും. ലോകത്തെ ഏറ്റവും വലിയ ജനസംഖ്യാ കണക്കെടുപ്പ് ഇത്തവണ പൂർണമായും ഡിജിറ്റൽ സംവിധാനത്തിലാണ്. വ്യക്തികൾക്ക് വിവരങ്ങൾ സ്വയം നൽകാൻ അവസരം നൽകുന്ന തരത്തിലാണ് ഇത്തവണത്തെ ജനസംഖ്യാ കണക്കെടുപ്പ്. ഈ മാസം 15 വരെ ഇത്തരത്തിൽ വിവരങ്ങൾ നൽകാം. ഇതിനുശേഷം സെൻസസ് ഉദ്യോഗസ്ഥർ വീടുകളിലെത്തി ഹൗസ് ലിസ്റ്റിംഗും മറ്റ് വിവരങ്ങളും ശേഖരിക്കും. ഏപ്രിൽ 16 മുതൽ മെയ് 15 വരെയാണ് ഇതിന് സമയം അനുവദിച്ചിരിക്കുന്നത്.

11 സംസ്ഥാനങ്ങളിലാണ് ഇന്ന് സെൻസസ് നടപടികൾ ആരംഭിക്കുന്നത്. ഓരോ സംസ്ഥാനങ്ങളുടെയും സൗകര്യങ്ങൾ പരിഗണിച്ചാണ് സെൻസസ് തീയതികൾ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഈ വർഷം ഏപ്രിലിനും സെപ്തംബറിനും ഇടയിൽ ആദ്യഘട്ട കണക്കെടുപ്പ് പൂർത്തിയാക്കണം.

കേരളത്തിൽ സെൻസസ് നടപടികളുടെ ആദ്യഘട്ടം ജൂൺ 16നായിരിക്കും ആരംഭിക്കുന്നത്. ജൂൺ 30 വരെ സ്വയം വിവരങ്ങൾ നൽകാൻ അവസരം നൽകും. ഓൺലൈൻ പോർട്ടൽ വഴി സ്വയം വിവരങ്ങൾ നൽകാം. അല്ലാത്ത പക്ഷം ജൂലൈ ഒന്നിന് ശേഷം വീടുകളിലെത്തുന്ന സെൻസസ് ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ നൽകാം. വീടുകളിലെ അടിസ്ഥാന സാഹചര്യങ്ങൾ, സൗകര്യങ്ങൾ, ആസ്തികൾ, എന്നിവ ശേഖരിക്കുന്ന 33 ചോദ്യങ്ങളുടെ മറുപടി ഉദ്യോഗസ്ഥർ രേഖപ്പെടുത്തും.

2027 ഫെബ്രുവരിയിൽ രണ്ടാം ഘട്ട നടപടികൾ തുടങ്ങും. വീട്ടിലെ അംഗങ്ങളുടെ എണ്ണം, ഓരോരുത്തരുടെയും സാമൂഹ്യ- സാമ്പത്തിക വിശദാംശങ്ങൾ എന്നിവയ്ക്കൊപ്പം ജാതി കണക്കെടുപ്പും നടത്തും.

✪✪✪

പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്ന ഇന്ന് നിരവധി സാമ്പത്തിക പരിഷ്കരണ നടപടികൾ പ്രാബല്യത്തിലാകും. 60 വർഷത്തിലേറെ നിലനിന്ന ആദായനികുതി നിയമം മാറ്റി, 2025 ലെ ആദായനികുതി നിയമം ഇന്ന് നിലവിൽ വരും. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിയും നിയമ സങ്കീർണതകൾ എടുത്തുകളഞ്ഞും ലളിതമാക്കിയ നികുതി സംവിധാനമായിരിക്കും ഇന്നുമുതൽ നടപ്പാക്കുന്നത്.

റിസർവ് ബാങ്ക് നിർദേശ പ്രകാരം ഡിജിറ്റൽ പെയ്മെന്റുകൾക്ക് അതീവ സുരക്ഷ നൽകുന്ന രണ്ട് ഘട്ട സ്ഥിരീകരണം ഇന്നുമുതൽ ഏർപ്പെടുത്തും. വർദ്ധിപ്പിച്ച വാർഷിക ഫാസ്ടാഗ് നിരക്കും ഇന്നു മുതലാണ്. പാൻ കാർഡുകൾക്ക് അപേക്ഷിക്കാനും തിരുത്തുകൾ വരുത്താനും പുതുക്കിയ നിയമങ്ങൾ ബാധകമാക്കുന്നതും ഇന്നു മുതലാണ്.

✪✪✪

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ 2026 ലോക്സഭ ഇന്ന് ചർച്ച ചെയ്യും. 2010 ലെ വിദേശ സംഭാവന ബില്ലാണ് ഭേദഗതി ചെയ്യുന്നത്. ജൻ വിശ്വാസ് ഭേദഗതി ബില്ലും ഇന്ന് ലോക്സഭ പരിഗണിക്കും.

രാജ്യസഭ കേന്ദ്ര സായുധ പൊലീസ് സേനാ ജനറൽ അഡ്മിനിസ്ട്രേഷൻ ബിൽ ഇന്ന് ചർച്ചയ്ക്കെടുക്കും. പാപ്പരത്ത കോഡ് ഭേദഗതി ബില്ലും രാജ്യസഭ പരിഗണിക്കും.

✪✪✪

ഹോർമൂസ് കടലിടുക്ക് തുറക്കാൻ ഇറാനെ നിർബന്ധിക്കുന്ന സൈനിക നടപടികൾ പിൻവലിക്കാൻ അമേരിക്ക ഇതുവരെ തയ്യാറായിട്ടില്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. നിർണ്ണായക സമുദ്രപാത സുരക്ഷിതമാക്കുന്ന ഉത്തരവാദിത്വം സഖ്യ കക്ഷികൾ ഏറ്റെടുക്കാത്തതിൽ നിരാശ പ്രകടിപ്പിച്ച ട്രംപ്, അവർ ചുമതല നിറവേറ്റണമെന്നും നിർദേശിച്ചു. മറ്റു രാജ്യങ്ങൾക്ക് എണ്ണ ആവശ്യമുണ്ടെങ്കിൽ ഹോർമൂസ് കടലിടുക്ക് സുരക്ഷിതമാക്കുന്നതിൽ അവരാണ് സജീവ പങ്ക് വഹിക്കേണ്ടതെന്നും ട്രംപ് പറഞ്ഞു.

✪✪✪

പശ്ചിമേഷ്യൻ യുദ്ധത്തിന്റെ ഫലമായി യൂറോപ്പിൽ കുതിച്ചുയരുന്ന എണ്ണ-വാതക വില ഉടൻ സാധാരണ നിലയിലേക്ക് മടങ്ങാൻ സാധ്യത ഇല്ലെന്ന് യൂറോപ്യൻ യൂണിയൻ ഊർജ്ജ കമ്മീഷണർ ഡാൻ ജോർഗെൻസെൻ പറഞ്ഞു. ആഗോള വാതക വിപണികളിൽ വർധിച്ചു വരുന്ന നിയന്ത്രണങ്ങൾ വൈദ്യുതി വില ഉയരാൻ കാരണമാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

✪✪✪

AFC ഏഷ്യൻ കപ്പ് യോഗ്യതാ ഫുട്ബോളിൽ ഇന്ത്യക്ക് വിജയം. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ ഗ്രൂപ്പ് C മത്സരത്തിൽ ഹോങ്കോങിനെ ഒന്നിനെതിരെ രണ്ടു ഗോളിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. യോഗ്യത റൗണ്ടിലെ ഇന്ത്യയുടെ അവസാന മത്സരമായിരുന്നു ഇത്.

✪✪✪

സാഫ് അണ്ടർ 20 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഭൂട്ടാനെ നേരിടും. മാലിദ്വീപ് നാഷണൽ സ്റ്റേഡിയത്തിൽ രാത്രി ഒമ്പതിനാണ് മത്സരം. ഗ്രൂപ്പ് B മത്സരത്തിൽ പാകിസ്താൻ ബംഗ്ലാദേശ് മത്സരം സമനിലയിൽ പിരിഞ്ഞതോടെയാണ് ഇന്ത്യ സെമിയിൽ കടന്നത്.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ഗുജറാത്ത് ടൈറ്റൻസിനെ ന്യൂചണ്ഡിഗഢിൽ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ലഖ്നൗയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

16-ാമത് ദേശീയ സബ്ജൂനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് റാഞ്ചിയിൽ തുടക്കമാവും. രാവിലെ മത്സരങ്ങൾ ആരംഭിക്കും.വൈകിട്ടാണ് ഉദ്ഘാടന ചടങ്ങ്. ടൂർണമെന്റ് ഈ മാസം 12 വരെ തുടരും.

✪✪✪

യുവനടിയുടെ പീഡനപരാതിയിൽ സംവിധായകൻ രഞ്ജിത്തിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. തൊടുപുഴയിൽ നിന്ന് കസ്റ്റഡിയിലെടുത്ത രഞ്ജിത്തിനെ ചോദ്യം ചെയ്യാനായി രാത്രിയോടെ കൊച്ചിയിലെത്തിച്ചു.

ശാരീരിക പ്രശ്നങ്ങളെത്തുടർന്ന് രഞ്ജിത്തിനെ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ശബരിമലയിലെ പൈങ്കുനി ഉത്രം ഉത്സവം ഇന്ന് സമാപിക്കും. അവസാന ദിനമായ ഇന്ന് രാവിലെ ഒമ്പത് മണിയോടെ സന്നിധാനത്തുനിന്ന് പമ്പയിലേക്ക് ആറാട്ട് ഘോഷയാത്ര ആരംഭിക്കും. പമ്പയിലെ ആറാട്ട് രാവിലെ 11 മണിയോടെയാണ്. വൈകിട്ട് പമ്പയിൽനിന്നു തിരിക്കുന്ന ഘോഷയാത്ര സന്നിധാനത്തെത്തുന്നതോടെ ഉത്സവത്തിനു സമാപനം കുറിച്ച് കൊടിയിറക്കും. ഉത്സവ പൂജകൾ പൂർത്തിയാക്കി രാത്രി 10 ന് നടയടയ്ക്കും

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച പള്ളിവേട്ട ഇന്ന്. സുന്ദരവിലാസം കൊട്ടാരത്തിനു മുന്നിൽ തയ്യാറാക്കുന്ന വേട്ടക്കളത്തിലാണ് പള്ളിവേട്ട. രാത്രി ഉത്സവശ്രീബലിക്കു ശേഷം വേട്ടയ്ക്ക് എഴുന്നള്ളിക്കും. നാളെ വൈകിട്ട് ആറാട്ട് ചടങ്ങുകൾ ആരംഭിക്കും.

പദ്മനാഭസ്വാമി ക്ഷേത്രത്തിലെ വിഗ്രഹങ്ങളും മറ്റ് ഏതാനും ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളുമായി ആറാട്ട് ഘോഷായാത്ര ശംഖുമുഖത്തേക്ക് പുറപ്പെടും. ആറാട്ടിന് ശേഷം രാത്രി 10 മണിയോടെ തിരിച്ചെഴുന്നള്ളിപ്പ് ആരംഭിക്കും.

പൈങ്കുനി ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകിട്ട് 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും.

✪✪✪

എഴുത്തുകാരനും പത്രാധിപരുമായിരുന്ന EV ശ്രീധരന്റെ ഒന്നാം ചരമവാർഷിക അനുസ്മരണ പരിപാടി നാളെ വടകര വള്ളിക്കാട്ടിലെ പടവത്തുംതാഴ പാലത്ത് സംഘടിപ്പിക്കും. ഗായകൻ VT മുരളി, നിരൂപകൻ സജയ് KV തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News team : ഫസ്നഫാത്തിമ*
*DEO: സി കെ സുബോധ്*